


എമ്മാവൂസ്
വചനദൂത്

# പുതുവത്സരം

മത്തായി 1:18 – 25; ലൂക്കാ 2:21 (Vol. 10, Issue 33)

ഫാ. സിറിയക് മുപ്പാത്തിയിൽ MCBS

ഇന്ന് നമ്മൾ ഒരു പുതിയ ആണ്ടിലേയ്ക്ക് കടക്കുകയാണ്. അത് നന്നായി ആരംഭിക്കുന്നതിന് ദൈവകൃപ തേടി നമ്മൾ ഈ ദൈവാലയത്തിൽ വന്നിരിക്കുകയാണ്. ദൈവസന്നിധിയിൽ പരിശുദ്ധ കുർബാനയോടുകൂടി പുതുവത്സരം ആരംഭിക്കുന്നത് എന്തുകൊണ്ടും നല്ല കാര്യമാണ്.

സംഖ്യയുടെ പുസ്തകത്തിൽ, ജനങ്ങളെ എപ്രകാരം ആശിർവദിക്കണമെന്ന് കർത്താവ് തന്നെ മോശയെ പഠിപ്പിക്കുന്നുണ്ട്. പുരോഹിതനായ അഹറോനോടും പുത്രന്മാരോടും ഇങ്ങനെ പറയണമെന്ന് മോശ അവരോടു കൽപിക്കുന്നു: “നിങ്ങൾ ഇങ്ങനെ പറഞ്ഞ് ഇസ്രായേൽ ജനത്തെ അനുഗ്രഹിക്കണം. കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോട് കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ച് നിനക്ക് സമാധാനം നൽകട്ടെ. ഇപ്രകാരം അവർ ഇസ്രായേൽ ജനങ്ങളുടെമേൽ എന്റെ നാമം ഉറപ്പിക്കട്ടെ. അപ്പോൾ ഞാൻ അവരെ അനുഗ്രഹിക്കും” (സംഖ്യ 6:23 - 27).

ഇതൊരു നല്ല ആശിർവാദ പ്രാർത്ഥനയാണ്. കർത്താവ് നിങ്ങളിൽ സംപ്രീതനാകട്ടെ. പ്രസാദമുള്ള മുഖത്തോടെ അവിടുന്ന് നിങ്ങളെ കടാക്ഷിക്കട്ടെ. എന്നാലും അത് എല്ലാം പറയുന്നില്ല. കർത്താവിന്റെ മുഖം നിങ്ങളുടെ മേൽ പ്രകാശിക്കട്ടെ. പക്ഷേ, പഴയനിയമത്തിൽ ദൈവത്തിന്റെ മുഖം ആരും കണ്ടിട്ടില്ല. അതുപോലെ, ദൈവനാമത്തിലാണ് ഈ ആശിർവാദം നൽകുന്നത്. മൂന്നുപ്രാവശ്യം ഈ നാമം ഏറ്റുപറയുന്നുണ്ട്. പക്ഷേ, ദൈവത്തിന്റെ പേര് വെളിപ്പെടുത്തിയിരുന്നില്ല. കത്തുന്ന മുൾപ്പടർപ്പിൽ, തന്നെ വിളിച്ച ദൈവത്തോട് അവിടുത്തെ പേര് ചോദിച്ച മോശയോട് ദൈവം പറഞ്ഞത്, “ഞാൻ, ഞാൻ തന്നെ” എന്ന അഗ്രാഹ്യമായ പ്രസ്താവനയാണ്. ‘യാഹ്‌വേ’ എന്ന പേര് ഉച്ചരിക്കാൻ ഇസ്രായേൽക്കാർ ധൈര്യപ്പെട്ടിരുന്നില്ല. അത്രയ്ക്ക് ഭയഭക്തിയായിരുന്നു ആ പേരിനോട്. പകരം, ‘കർത്താവ് ’ എന്നാണ് അവർ ദൈവത്തിന്റെ പേരിന് പറഞ്ഞിരുന്നത്.

എന്നാൽ, ഇപ്പോൾ ക്രിസ്തുമസ്സിന്റെ പശ്ചാത്തലത്തിൽ ദൈവത്തിന് ഒരു പേരുണ്ട് - ഈശോ. ക്രിസ്തുമസ്സിന്റെ എട്ടാം ദിനമായ ഇന്ന് ഈശോയ്ക്ക് പേരിടുന്ന കർമ്മമാണ് അനുസ്മരിക്കുക. അത്ര ലളിതമായി ലൂക്കാ സുവിശേഷകൻ അത് വിവരിക്കുന്നു: “അവന്റെ പരിച്ഛേദനത്തിനുള്ള എട്ടു ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവൻ ഗർഭത്തിൽ ഉരുവാകുന്നതിനു മുമ്പ്, ദൂതൻ വിളിച്ച ‘ഈശോ’ എന്ന പേര് അവനു നൽകി” (ലൂക്കാ 2:21).

കുഞ്ഞ് ജനിക്കുന്ന കുടുംബത്തിൽ നടത്തുന്ന ഒരു കർമ്മമാണിത്. അതുകൊണ്ട് ബെത്‌ലഹേമിൽ വച്ച് ഈശോ പരിച്ഛേദനം ചെയ്യപ്പെട്ടു. ഈശോ ഔദ്യോഗികമായി ഇസ്രായേൽ ജനപദത്തിൽ ഉൾപ്പെട്ട സംഭവമാണിത്. ലളിതമായ ഈ ചടങ്ങിലൂടെ ഈശോ ഉടമ്പടിയുടെ ജനതയിലൊരുവനായി. തന്റെ ശരീരത്തിൽ ദൃശ്യമായ ഒരു അടയാളത്തിലൂടെ ഈശോ അബ്രാഹത്തിന്റെ മകനായി തീരുകയാണ്. അനാദി മുതലേയുള്ള വചനം, ദൈവത്തോടു കൂടെയായിരുന്ന വചനം, ദൈവം തന്നെയായ വചനം, മനുഷ്യനായപ്പോൾ ഈശോ ആയിത്തീർന്നു; പരിച്ഛേദനത്തിലൂടെ തന്റെ മാംസത്തിൽ ഒരു കാലവും മായ്ക്കപ്പെടാതെ കിടക്കുന്ന അടയാളത്തിലൂടെ, ദൈവവുമായി അബ്രാഹത്തെ ബന്ധിപ്പിച്ച (ഉടമ്പടിസമൂഹത്തിൽ) അംഗമായിത്തീർന്നു. ഈശോയുടെ വ്യക്തിത്വത്തിന്റെ അനന്യതയിൽ ആ അടയാളം ഉണ്ടായിരിക്കും. അതെ, അവിടുന്ന് അബ്രാഹത്തിന്റെ വംശമായ ഇസ്രായേൽവംശത്തിൽ ഇന്നലെയും ഇന്നും ഉള്ളവനാണ്. ദൈവം നൽകിയ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുമെന്നുള്ള ഉത്തമ ഉറപ്പായി നിലനിൽക്കും. അതാണ് ക്രിസ്തുവിന്റെ എട്ടാം ദിനത്തിൽ സംഭവിച്ചതും ഒറ്റവാക്യത്തിൽ ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതും.

മാത്രമല്ല, പരിച്ഛേദനത്തിന്റെ കൂടെയാണ് ശിശുവിന് പേരിടുന്ന കർമ്മം. ഈശോയുടെ കാര്യത്തിലും അങ്ങനെ തന്നെയായിരുന്നു. യൗസേപ്പും മറിയവും ഇവനെ ഈശോ എന്നു വിളിക്കുന്നു. ഇത് യെഹോഷൊവാ (Yehoshoua) എന്നതിന്റെ നീളം കുറച്ചതാണ്. ‘കർത്താവ് രക്ഷിക്കുന്നു’ എന്നാണ് ഈ പേരിന്റെ അർത്ഥം. അതിൽത്തന്നെ ആ നാമം ഉച്ചരിക്കാൻ വിലക്കുള്ള അത്യുന്നത ദൈവത്തിന്റെ (JHWH) പേരിനെ സൂചിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യർ വിളിച്ച പേരല്ല ഈശോ എന്നത്. അത് ദൈവം തന്നെ കൽപിച്ചുകൊടുത്തതാണ്. ദൈവനിശ്ചയപ്രകാരമാണ് ഈശോ ശിശുവായി പിറന്നത്. അത് ദൈവത്തിന്റെ പ്രവൃത്തിയാണ്. അതുകൊണ്ട് ഈ ശിശുവിന് പേരിടുകയെന്നത് ദൈവത്തിനു മാത്രം ചെയ്യാവുന്ന കാര്യമാണ്. ‘ഈശോ’ എന്ന പേര് ചൂണ്ടിക്കാണിക്കുന്നത് ആരാണ് ഈ ശിശു എന്നാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ അത് ആവരണം ചെയ്യുന്നു - കർത്താവ് രക്ഷിക്കുന്നു.

ഈശോ എന്ന നാമം എത്ര ശക്തിദായകമാണ്. ഇക്കാര്യം തിരിച്ചറിഞ്ഞ പിൽക്കാല ക്രിസ്തീയസമൂഹം ഈശോയെ ദൈവപുത്രനും കർത്താവുമെന്ന് വിളിച്ചു. ഈ പരിശുദ്ധ നാമത്തിലാണ് പാപം ചെയ്ത മനുഷ്യർ രക്ഷിക്കപ്പെടുന്നത്. ഈ നാമത്തിന്റെ ശക്തിയാൽ അടയാളങ്ങൾ നൽകപ്പെടും; ദൈവരാജ്യം വിപുലമാകും; സാത്താൻ ആത്യന്തികമായി പരാജയപ്പെടും. ക്രിസ്തുസഭയുടെ ഇന്നുവരെയുള്ള ചരിത്രം ഈ നാമത്തിന്റെ ശക്തിയെയും വിശുദ്ധിയെയും വിളിച്ചോതുന്നു. വിശ്വാസപൂർവ്വം ഈ നാമം വിളിച്ചപേക്ഷിക്കുമ്പോൾ, ഹൃദയപൂർവ്വം അത് ഉരുവിടുമ്പോൾ മനുഷ്യമനസ്സിനെയും ഹൃദയത്തെയും വൈകാരികജീവിതത്തെ തന്നെയും ശുദ്ധമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ ആരംഭത്തിലും അന്ത്യത്തിലും ഈ നാമം നാവിൽ ഉരുവിടുവാൻ ക്രിസ്ത്യാനി താൽപര്യപ്പെടുന്നു.

പറഞ്ഞുവന്നത് ഇതാണ്: പഴനിയമത്തിൽ പുരോഹിതന്റെ ആശംസ നല്ലതു തരുന്നു. ദൈവം മുഖപ്രസാദത്തോടെ നിങ്ങളെ നോക്കട്ടെ! നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ. എന്നാൽ, പരിശുദ്ധ റൂഹായാൽ ഗർഭസ്ഥനായി, സ്ത്രീയിൽ നിന്നും ജാതനായ ഈശോയുടെ പരിശുദ്ധനാമം ഉച്ചരിച്ചുകൊണ്ടാണ് ഇന്ന് ഈ പുതുവത്സരദിനത്തിൽ നാം ആശിർവദിക്കപ്പെടുന്നത്. അതിനാൽത്തന്നെ, നാം കൂടുതൽ അനുഗ്രഹീതരാണ് ഒട്ടും സംശയം വേണ്ട. പഴയനിയമത്തിൽ പുരോഹിതന്റെ ആശിർവാദം പൂർത്തിയാകുന്നത് ഈശോയുടെ നാമത്തിലാണ്.

2020-ന്റെ ആദ്യ ദിവസം തന്നെ നാമെല്ലാവരും ഈശോയുടെ തിരുനാമത്തിൽ ആശിർവദിക്കപ്പെടുന്നു. ഈ വർഷത്തിന്റെ ഓരോ ദിവസത്തെയും അത് സ്പർശിക്കുകയും ചെയ്യുന്നു. നമുക്കും എല്ലാവർക്കും എല്ലാ ദിവസവും ദൈവത്തിന്റെ ആനന്ദം ഉണ്ടാകുമാറാകട്ടെ!